## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 7500** **17.07.2012- ൽ മറുപടി നൽകേണ്ടിയിരുന്നത്**

# കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തികകൾ ജീവനക്കാരെ നിയമിക്കാതെ ഒഴിവായിക്കിടക്കുന്നുണ്ട്; ഇതിൽ എത്രയും പെട്ടെന്ന് ജീവനക്കാരെ നിയമിക്കുവാൻ സന്നദ്ധമാകുമോ; | (എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ 47 തസ്തികകളാണ് ഉള്ളത്. നിലവിൽ 29 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഈ ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികയിലേക്ക് ഏതു വർഷം വരെ സർവീസുള്ള ജീവനക്കാരെയാണ് അവസാന നിയമനത്തിൽ പരിഗണിച്ചിട്ടുള്ളത്; | (ബി) അവസാന നിയമനത്തിൽ 31 വർഷം വരെ സർവ്വീസുള്ള ജീവനക്കാരെയാണ് പരിഗണിച്ചിട്ടുള്ളത്. |
| (സി) അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും, എ.എഫ്.ഒ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ പരിഗണിക്കുന്നവരുടെ പട്ടിക പ്രസ്തുത വകുപ്പിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ? | (സി) കൃഷി വകുപ്പിലെ ഏറ്റവും സീനിയർമാരായ കൃഷി അസിസ്റ്റന്റുമാരിൽ നിന്നും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി തെരഞ്ഞെടുക്കുന്നവരുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നുമാണ് എ.എഫ്.ഒ. പ്രൊമോഷൻ നൽകുന്നത്. പ്രസ്തുത ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ